**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4757** **01-11-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ ഉണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൽ നിർമ്മാണ മേഖലയിൽ നിലവിൽ സ്തംഭനാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം വഴി കരാറുകാർക്ക് നൽകുന്ന പണത്തിന്റെ പലിശ പൂർണമായും സർക്കാർ വഹിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം വഴി കരാറുകാരിൽ നിന്നും ബാങ്ക് ഈടാക്കുന്ന പലിശയുടെ പകുതി (പരമാവധി 5%) സർക്കാർ തിരികെ നൽകുന്നുണ്ട്. ഈ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |
| (സി) | വിവിധ ജില്ലകളിലെ പണിക്കൂലിയും നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും കണക്കിലെടുത്ത് സംസ്ഥാനത്ത് റേറ്റ് റിവിഷൻ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | 13/08/2021 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.114/2021/ധന. പ്രകാരം 15/08/2021 മുതൽ DsoR 2018 നിലവിൽ വന്നിട്ടുണ്ട്. വിവിധ ജില്ലകളിലെ പണിക്കൂലിയും നിർമ്മാണ സാമഗ്രികളുടെ വിലയും കടത്തു കൂലിയും കണക്കിലെടുത്താണ് ഓരോ ജില്ലയിലെയും Cost Index നിശ്ചയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ